SUPERVISORY DEVELOPMENT CENTRE
(Dept. Of Tech. Edn., Govt.of Kerala)
HMT Jn., NAD Road
Kalamassery - 683 104
Ph: 2556530, Fax : 2556530

Ref :- A1/1497/CS/15 Date :-

# ഡിപ്ളോമക്കാർക്ക് അപ്രന്റീസ് ട്രെയ്നിങ്ങിന് അവസരം

സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ/സ്വകാര്യ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് ടെക്നീഷ്യൻ അപ്രന്റീസുകളെ തെരഞ്ഞെടുക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ചെന്നൈയിലെ ദക്ഷിണ മേഖലാ ബോർഡ് ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയ്നിങ്ങും സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററും സംയുക്തമായി, കളമശ്ശേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ വച്ച് 04.07.2015 ശനിയാഴ്ച്ച വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു.

| Sl No. | Venue | Date and Time | Category |
|---|---|---|---|
| 1 | Govt. Polytechnic College, HMT Junction Kalamassery | 04.07.2015, 9 AM | Polytechnic Diploma |

പോളിടെക്നിക് ഡിപ്ളോമ നേടി മൂന്നു വർഷം കഴിയാത്തവർക്കും അപ്രന്റീസ് ആക്ട് പ്രകാരം പരിശീലനം ലഭിക്കാത്തവർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാം. 3542 രൂപയാണ് കുറഞ്ഞ പ്രതിമാസ സ്റ്റൈപന്റ്. ട്രെയ്നിങ്ങിന് ശേഷം കേന്ദ്രഗവൺമെന്റ് നൽകുന്ന പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് അഖിലേന്ത്യ തലത്തിൽ തൊഴിൽ പരിചയമായി പരിഗണിച്ചിട്ടുള്ളതാണ്. കൂടാതെ ട്രെയ്നിങ്ങ് കാലത്തുള്ള പ്രാവീണ്യം കണക്കിലെടുത്ത് പല സ്ഥാപനങ്ങളും സ്ഥിരം ജോലിക്കും അവസരമൊരുക്കുന്നു. സർട്ടിഫിക്കറ്റുകളുടേയും മാർക്ക്ലിസ്റ്റുകളുടേയും ഒറിജിനലും മൂന്നു കോപ്പികളും വിശദമായ ബയോഡാറ്റയുടെ മൂന്ന് കോപ്പികളും സഹിതം 04.07.2015 ന് രാവിലെ 9 മണിക്ക് തെരഞ്ഞെടുപ്പ് കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. സൂപ്പർവൈസറി ഡവലപ്മെന്റ് സെന്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെ മാത്രമേ ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുകയുള്ളു. രജിസ്ട്രേഷൻ കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർ മേൽപ്പറഞ്ഞ തീയതിക്ക് മുൻപായി കളമശ്ശേരി സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷ ഫോമും രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും www.sdcentre.org - ൽ ലഭ്യമാണ്.

പങ്കെടുക്കുന്ന കമ്പനികളുടേയും ഒഴിവുകളുടേയും വിവരങ്ങൾ www.sdcentre.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇന്റർവ്യൂവുമായി ബന്ധപ്പെട്ട വിവരങ്ങൾ മുകളിൽ കൊടുത്തിരിക്കുന്ന സൈറ്റിൽ അപ്പപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതാണ്

ബേബി പി പി
അസിസ്റ്റന്റ് ഡയറക്ടർ

കളമശ്ശേരി
11.06.2015